'ഭരണഭാഷ – മാതൃഭാഷ'

# കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

പേഴ്സണൽ ഡിപ്പാർട്ട്മെൻറ്
വൈദ്യുതി ഭവനം, പട്ടം
തിരുവനന്തപുരം - 695004

ഫോൺ: 0471-2514492, 2514455
e-mail pokseb@gmail.com

നം. പി. എസ്. 1/നൈറ്റ് ഡ്യൂട്ടി ഓഫ്/ 2013

തീയതി: 27.03.2014

## പരിപത്രം

വിഷയം: - വൈദ്യുതി ബോർഡിന്റെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ നൈറ്റ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഡ്യൂട്ടി ഓഫ് അനുവദിക്കുന്നതിൽ പൊതുമാനദണ്ഡം നിശ്ചയിച്ച് കൊണ്ടുള്ള പരിഷ്കരിച്ച പരിപത്രം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം :-

1. WP (C) 10434/2013 (D) നമ്പർ ഹർജിയിൽ ബഹു: കേരള ഹൈക്കോടതി 23.10.2013-ന് പുറപ്പെടുവിച്ച ഉത്തരവ്.
2. പി. എസ്. 1/നൈറ്റ് ഡ്യൂട്ടി ഓഫ്/2013/12.03.2014 നമ്പർ പരിപത്രം.
3. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വർക്കേഴ്സ് അസോസിയേഷൻ (സി.ഐ.റ്റി.യു) ബോർഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മുമ്പാകെ സമർപ്പിച്ച നിവേദനം.
4. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി) ബോർഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മുമ്പാകെ സമർപ്പിച്ച നിവേദനം.
5. കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ (എ. ഐ. റ്റി. യു. സി) ബോർഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മുമ്പാകെ സമർപ്പിച്ച നിവേദനം.
6. പി. എസ്. 1/നൈറ്റ് ഡ്യൂട്ടി ഓഫ്/2013/22.03.2014 നമ്പർ പരിപത്രം.

വൈദ്യുതി ബോർഡിന്റെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ അവധി ദിനത്തിന്റെ തലേ ദിവസം നൈറ്റ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഡ്യൂട്ടി ഓഫ് അനുവദിക്കുന്നതിൽ അവ്യക്തത ഉള്ളതായി ബോർഡിന്റെ ശ്രദ്ധയിൽ പെട്ടിരുന്നു. കൂടാതെ വൈദ്യുതി ബോർഡിന്റെ കാര്യാലയങ്ങളിൽ നൈറ്റ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് നൈറ്റ് ഡ്യൂട്ടി ഓഫും ഹോളിഡേ ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് കോമ്പൻസേറ്ററി ഓഫും ബോർഡ് അനുവദിക്കുന്നില്ല എന്ന് ആരോപിച്ച് കേരള ഇലക്ട്രിസിറ്റി എക്സിക്യൂട്ടീവ് സ്റ്റാഫ് ഓർഗനൈസേഷൻ (KEESO) എന്ന തൊഴിലാളി സംഘടന ബഹു:കേരള ഹൈക്കോടതി മുമ്പാകെ WP(C)No.10434/2013 ആയി ഹർജി ഫയൽ ചെയ്യുകയും അതിലെ ആരോപണങ്ങളിൻ മേൽ നിയമാനുസൃതമായ നടപടി സ്വീകരിക്കണമെന്ന് ബോർഡിന് നിർദ്ദേശം നൽകിക്കൊണ്ട് മേൽ പരാമർശം (1) പ്രകാരം ബഹു: ഹൈക്കോടതി പ്രസ്തുത ഹർജി തീർപ്പാക്കുകയും ചെയ്യുകയുണ്ടായി.

ബഹു: കേരള ഹൈക്കോടതിയുടെ ഉത്തരവിലെ നിർദ്ദേശത്തിന്റെയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ബാധകമായ 'ദി ഫാക്ടറീസ് ആക്ട്, 1948', ഇതിനു വിധേയമായ 'കേരള ഫാക്ടറീസ് റൂൾസ്, 1957' എന്നിവയിലെ നൈറ്റ് ഡ്യൂട്ടിയെയും നൈറ്റ് ഡ്യൂട്ടി ഓഫിനെയും സംബന്ധിച്ച വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ, നൈറ്റ് ഡ്യൂട്ടി ഓഫ് അനുവദിക്കുന്നതിന് പൊതുവായ മാനദണ്ഡം എന്ന നിലയിൽ, 'നൈറ്റ് ഡ്യൂട്ടിയുടെ തൊട്ടടുത്ത ദിനം പ്രവൃത്തി ദിവസമാണോ അവധിയാണോ എന്നത്

പരിഗണിക്കാതെ, നൈറ്റ് ഡ്യൂട്ടി അവസാനിച്ച സമയം മുതൽ തുടർച്ചയായ 24 മണിക്കൂർ സമയം വ്യവസ്ഥകൾക്ക് വിധേയമായി ഡ്യൂട്ടി ഓഫ് അനുവദിക്കേണ്ടതാണ് എന്ന് ബന്ധപ്പെട്ട എല്ലാ കാര്യാലയ മേധാവികൾക്കും നിർദ്ദേശം നൽകിക്കൊണ്ട് മേൽ പരാമർശം (2) പ്രകാരം ബോർഡ് ഒരു പരിപത്രം പുറപ്പെടുവിച്ചിരുന്നു.

എന്നാൽ പ്രസ്തുത പരിപത്രം സംബന്ധിച്ച് തൊഴിലാളി സംഘടനകളിൽ നിന്നും ലഭിച്ച മേൽ പരാമർശങ്ങൾ (3), (4) & (5) നിവേദനങ്ങളും വിതരണ, ഉത്പാദന (ഇലക്ട്രിക്കൽ) വിഭാഗം ഡയറക്ടറുടെ അഭിപ്രായവും നിർദ്ദേശവും പരിഗണിച്ച് ടി പരിപത്രം തല്ക്കാലത്തേയ്ക്ക് മരവിപ്പിക്കുവാനും പൊതുമാനദണ്ഡം നിശ്ചയിച്ചുകൊണ്ടുള്ള പരിഷ്കരിച്ച പരിപത്രം ഏതു രീതിയിൽ പുറപ്പെടുവിക്കണമെന്ന് തീരുമാനിക്കുന്നതിനായി വിഷയം മുഴുവൻ സമയ ഡയറക്ടർമാർ മുമ്പാകെ സമർപ്പിക്കുവാനും ചെയർമാൻ & മാനേജിംഗ് ഡയറക്ടർ നൽകിയ ഉത്തരവ് അനുസരിച്ച് മേൽ പരിപത്രം തല്ക്കാലത്തേക്ക് മരവിപ്പിച്ചതായി ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്കും മേലധികാരികൾക്കും അറിയിപ്പ് നൽകിക്കൊണ്ട് പരാമർശം (5) പ്രകാരം മറ്റൊരു പരിപത്രം ബോർഡ് പുറപ്പെടുവിക്കുകയുണ്ടായി.

തുടർന്ന് 24.03.2014-ന് ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗം മേൽ വിഷയം സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ എടുത്ത തീരുമാന പ്രകാരം, വൈദ്യുതി ബോർഡിന്റെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ അവധി ദിനത്തിന്റെ തലേ ദിവസം നൈറ്റ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് നൽകേണ്ട നൈറ്റ് ഡ്യൂട്ടി ഓഫ്, ഒരു പൊതുമാനദണ്ഡം എന്ന നിലയിൽ, നൈറ്റ് ഡ്യൂട്ടി അവസാനിച്ച സമയം മുതൽ തുടർച്ചയായ 24 മണിക്കൂർ സമയം, വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കേണ്ടതാണ് എന്ന് ബന്ധപ്പെട്ട എല്ലാ അധികാരികൾക്കും നിർദ്ദേശം നൽകുന്നു. എന്നാൽ നൈറ്റ് ഡ്യൂട്ടിക്ക് ശേഷമുള്ള 24 മണിക്കൂർ ഉൾക്കൊള്ളുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിദിനമാണെങ്കിൽ, ഓഫീസിന്റെ സുഗമമായ പ്രവർത്തനവും ജീവനക്കാരുടെ ലഭ്യതയും അധികാര പരിധിയിലുള്ള പ്രദേശത്തിലെ വൈദ്യുതി തകരാറുകൾ/അപകടങ്ങൾ തുടങ്ങിയവ സമയബന്ധിതമായി പരിഹരിക്കേണ്ട ആവശ്യകതയും ഉറപ്പുവരുത്തി, നൈറ്റ് ഡ്യൂട്ടിയ്ക്ക് ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള അധികാരം നിക്ഷിപ്തമായ കാര്യാലയ മേധാവികളുടെ വിവേചനാധികാരം ഉപയോഗിച്ച്, പ്രസ്തുത അവധിദിനത്തിന്റെ തൊട്ടടുത്ത ഏഴ് ദിവസങ്ങൾക്കുള്ളിൽ വരുന്ന ഏതെങ്കിലും പ്രവൃത്തി ദിനത്തിൽ തന്നെ ടി നൈറ്റ് ഡ്യൂട്ടി ഓഫ് അനുവദിക്കേണ്ടതാണ് എന്നും നിർദ്ദേശം നല്കി കൊള്ളുന്നു.

ബോർഡിന്റെ ആജ്ഞാനുസരണം

എം. ഷാഹുൽ ഹമീദ്
സെക്രട്ടറി (ഭരണം)

പകർപ്പ്:

എല്ലാ ചീഫ് എഞ്ചിനീയർമാർ/ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ/എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ
ടി. എ. ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
ടി. എ. ടു ഡയറക്ടർ (ഡി & ജി. ഇ)/ഡയറക്ടർ (റ്റി & എസ്. ഒ)/ഡയറക്ടർ (ജി. സി)
പി. എ. ടു ഡയറക്ടർ (ഫിനാൻസ്)
സി. എ. ടു സെക്രട്ടറി (ഭരണം)
റിക്കോർഡ് സെക്ഷൻ/ലൈബ്രറി/സ്റ്റോക്ക് ഫയൽ.